# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

**ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in**


## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 42/2021 (വെള്ളിയാഴ്ച)** **തീയ്യതി:28.05.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 29.05.2021 | 30.05.2021 | 31.05.2021 | 01.06.2021 | 02.06.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 5 | 5 | 6 | 15 | 6 |
| ഉയർന്ന താപനില (°C) | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 96 | 96 | 96 | 96 | 96 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 63 | 63 | 63 | 63 | 63 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 10 | 12 | 10 | 10 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 200 | 200 | 230 | 200 | 250 |
| മേഘവ്യാപ്തി (ഒക്ട) | 5 | 5 | 7 | 8 | 7 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ ചാറ്റൽ മഴയ്ക്ക് സാധ്യത . കൂടിയ താപനില 34°C വരെയും കുറഞ്ഞ താപനില 25°C വരെയും പ്രതീക്ഷിക്കുന്നു

**പൊതു നിർദ്ദേശങ്ങൾ:** രോഗങ്ങളുടെയും കീടങ്ങളുടെയും ആക്രമണം ഒഴിവാക്കുന്നതിനായി കാലവർഷത്തിനു മുൻപ് തന്നെ കളകളും ഉണങ്ങിയതും രോഗം ബാധിച്ചതുമായ ചെടികളും കൃഷിയിടങ്ങളിൽ നിന്നും നീക്കം ചെയ്തു വൃത്തിയായി സൂക്ഷിക്കുക.

**കാർഷിക നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| തെങ്ങ് | കൊമ്പൻ ചെല്ലി | നല്ല രീതിയിൽ തെങ്ങിൻ തലപ്പ് വൃത്തിയാക്കി 200 ഗ്രാം മണലും വേപ്പിൻ പിണ്ണാക്കും അടങ്ങിയ മിശ്രിതം 10:1 എന്ന അനുപാതത്തിൽ തെങ്ങോല കവിളകൾക്കിടയിൽ ഇട്ടു കൊടുക്കുന്നത് കൊമ്പൻ ചെല്ലിയുടെ ആക്രമണം തടയാൻ സഹായിക്കുന്നു |
| | കൂമ്പുചീയൽ രോഗം | മഴക്കാലത്തു തെങ്ങിൽ കൂമ്പുചീയൽ രോഗം വരാൻ സാധ്യതയുള്ളതിനാൽ ട്രൈക്കോഡെർമ വേപ്പിൻ പിണ്ണാക്ക്കേക്ക് 3 എണ്ണം വീതം കൂമ്പോലക്കയ്ക്ചുറ്റുമുള്ള ഇലക്കവിളുകളിൽ വച്ച്കൊടുക്കുക. അല്ലെങ്കിൽ 3 ഗ്രാം കോപ്പർഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. |
| | നടീൽ രീതികൾ | വിത്ത് വഴിയാണ് തെങ്ങിന്റെ പ്രജനനം മേയ് -ജൂൺ മാസങ്ങൾ ആണ് നടീലിനു അനുയോജ്യമായ സമയം .താഴ്ന്ന പ്രദേശങ്ങളിൽ മൺസൂണിന്റെ ശക്തികുറഞ്ഞ സെപ്റ്റംബർ മാസങ്ങളിൽ നടീൽ നടത്താവുന്നതാണ് .<br><br>20 വർഷത്തോളം പ്രായമുള്ളതും വർഷത്തിൽ 80 കായ്കൾ |

| | | |
|---|---|---|
| | | പതിവായി ലഭിക്കുന്നതുമായ മാതൃസസ്യങ്ങളിൽ നിന്നാണ് വിത്ത് തേങ്ങ ശേഖരിക്കേണ്ടത് .<br><br>9 -12 മാസം വരെ പ്രായമെത്തിയ തൈകൾ നടീലിനു തിരഞ്ഞെടുക്കാവുന്നതാണ് .ഇവക്കു 6 മുതൽ 8 ഇലകൾ ഉണ്ടാകണം .10 മുതൽ 12 സെ .മീ വരെ കടക്കു വ്യാസം ഉണ്ടാകണം .ഇലകൾ ഒറ്റക്കൊറ്റക്കായി വരുന്നതും എളുപ്പം കായ്ക്കും എന്നതിന്റെ സൂചന ആണ് .<br><br>1 *1 *1 മീറ്റർ വലിപ്പമുള്ള കുഴിയാണ് തെങ്ങിൻ തൈ നാടാൻ എടുക്കേണ്ടത് .ഭൂനിരപ്പിൽ നിന്നും 60 സെ .മീ താഴെവരെ മേൽമണ്ണ് കൊണ്ട് കുഴിനികത്തണം .<br><br>ചെമ്മണ്ണ് നിറഞ്ഞ പ്രദേശത്തു കുഴിയൊന്നിന് 2 കിലോ കറിയുപ്പ് ചേർക്കുന്നത് മണ്ണിന്റെ ഗുണമേന്മ വർധിപ്പിക്കാൻ സഹായിക്കും .നടുന്നതിനു 6 മാസം മുൻപ് കറിയുപ്പ് ചേർക്കണം<br><br>ജൈവവളം 25 കിലോ തെങ്ങൊന്നിന് എന്ന ക്രമത്തിൽ നടീൽ സമയത്തു ചേർക്കണം<br><br>താഴ്ന്ന പ്രദേശങ്ങളിൽ ചെറിയ കുഴികൾ എടുത്ത് തൈ വളരുന്നതിനനുസരിച്ചു പൂഴിയും മണ്ണും ഇട്ട് തൈയുടെ കട നികത്തി ഭൂനിരപ്പു ഉയർത്തികൊണ്ടുവരണം .<br><br>രണ്ടുവരി ചകിരി കുഴിയിൽ നിരത്തുന്നത് ഈർപ്പം നിലനിർത്താൻ സഹായിക്കും .ചകിരി തൊണ്ടിന്റെ വളഞ്ഞു കുഴിഞ്ഞ ഭാഗം കമഴ്ത്തിയാണ് വെക്കേണ്ടത് .<br><br>നടീൽ രീതി അനുസരിച്ചു തെങ്ങുകൾ തമ്മിലുള്ള അകലം 7 .5 മീറ്റർ മുതൽ 9 മീറ്റർ വരെ ക്രമീകരിക്കാം ഒരു ഏക്കറിൽ ഏകദേശം 70 തെങ്ങുകൾ നിലനിർത്താവുന്നതാണ് |
| വാഴ | ഇലപ്പുള്ളി രോഗം | വാഴയിൽ ഇലപ്പുള്ളിരോഗം വരാൻ സാധ്യതയുണ്ട് .മുൻകരുതലായി സ്യൂഡോമോണാസ് 20 g ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലകളിൽ തളിക്കുക |
| കരുമുളക് | ദ്രുതവാട്ടം | ദ്രുതവാട്ടം തടയുന്നതിനായി ചാണകവും വേപ്പിൻ പിണ്ണാക്കും ചേർന്ന മിശ്രിതത്തിൽ വളർത്തിയെടുത്ത ട്രൈക്കോഡർമ ഒരു മൂടിന് 5 kg എന്ന കണക്കിൽ തടത്തിൽ ഇട്ടു കൊടുക്കുക |